(c) Yes.

(d) It is understood that though the original scheme was for providing employment to about 1,000 persons only a lesser number can be immediately employed on account of the highly mechanised mode of production now planned.

(e) No.

ശ്രീ. എം നാരായണക്കുറുപ്പ് : അന്നു് ഗവണ്മെൻറു് പ്രസ്താവിച്ചതു് എന്താണു് ; ഗവണ്മെൻറു് മാനേജു്മെൻറിൽ ഒരു ഫാക്ടറി തുടങ്ങുമെന്നല്ലേ അന്നു് പ്രസ്താവിച്ചതു്.

ശ്രീ. കെ. പി. ഗോപാലൻ : അന്നു് അങ്ങനെ പ്രസ്താവിച്ചിട്ടില്ല.

ശ്രീ എം. നാരായണക്കുറുപ്പ് : അന്നു ഗവണ്മെൻറു് ചെയ്ത പ്രസ്താവന ഒന്നു് കേട്ടാൽ കൊള്ളാം.

ശ്രീ. കെ. പി. ഗോപാലൻ: ഈ സാമ്പത്തികവർഷത്തിൽ വളപട്ടണത്തു് സഹകാരിമേഖലയിൽ ഒരു ഹാർഡ്ബോർഡു് ഫാക്ടറി തുടങ്ങുന്നതാണെന്നാണു് പറഞ്ഞതു്.

ശ്രീ. പി. ടി. ചാക്കോ : ഗവണ്മെൻറു് തുടങ്ങുമെന്നു പറഞ്ഞ ഫാക്ടറിയിൽ എത്ര ആളുകൾക്കു് ജോലികൊടുക്കുവാൻ സൗകര്യമുണ്ടാകുമെന്നു് പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : ആയിരം ആളുകൾക്കു് ജോലി കൊടുക്കുവാനുള്ള സ്കീമായിരുന്നു ആദ്യമുണ്ടായിരുന്നതു്. അതിനു ശേഷം ആ സ്കീം ഭേദപ്പെടുത്തി വളരെയധികം മെക്കനൈസ്ഡ് പ്രാസമസ്സുള്ള ഒരു ഫാക്ടറി ഉണ്ടാക്കുവാനാണു് തീരുമാനിച്ചതു്. ആ തീരുമാനത്തിൻറെ ഫലമായി എംപ്ലോയിമെൻറു് കുറയും.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ആദ്യം ആയിരം ആളുകൾക്കു് ജോലികൊടുക്കാം എന്നു പറഞ്ഞു. ഇപ്പോൾ 150 ആളുകൾക്കു് ജോലികൊടുക്കുവാനേ സാധിക്കയുള്ളു എന്നു പറയുന്നു. വാസ്തവത്തിൽ എത്ര ആളുകൾക്കു് ജോലി കൊടുക്കുവാൻ സാധിക്കുമെന്നു് പറയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അതിനെക്കുറിച്ചു് അനേക്ഷിച്ചു് പറയാം.

ശ്രീ. എം. നാരായണക്കുറുപ്പ് : (സി)-യുടെ ഉത്തരം എന്താണെന്നു് കേട്ടില്ല.

ശ്രീ. കെ. പി. ഗോപാലൻ : "Yes" എന്നാണു് പറഞ്ഞതു്.

ശ്രീ എം. നാരായണക്കുറുപ്പ് : Yes എന്നു പറഞ്ഞാൽ ഷെയർ എടുത്തിട്ടുണ്ടെന്നും ലോൺ കൊടുത്തിട്ടുണ്ടെന്നുമാണോ ?

പാലക്കാടു ഡിസ്ട്രിക്ടിലെ കർഷകർക്കു നൽകിയ ലോൺ.

* 1399. [26] ശ്രീ. കെ. ഈച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റോറിൽവച്ചു് ഏറ്റവും നെല്ലു് ഉൽപ്പാദിപ്പിക്കുന്ന പാലക്കാടു് ഡിസ്ട്രിക്ടിലെ കർഷകരെ സഹായിക്കുവാൻ വേണ്ടി ലോൺ കൊടുക്കുവാൻ 1958-59-ലേക്കു് എത്ര സംഖ്യ ഗവണ്മെൻറു് നീക്കിവച്ചിരുന്നു;

(ബി) ഒരു ഏക്കർ കൃഷി ചെയ്യുന്ന കർഷകനു് എത്ര രൂപ്പിക ലോൺ കൊടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) വിത്തും വളവും വാങ്ങുന്നതിനുള്ള ലോൺ സ്കീം പ്രകാരം നാലു ലക്ഷം രൂപ പാലക്കാട് ഡിസ്ട്രിക്ടിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ഒരേക്കറിന് 40 രൂപ:

ശ്രീ. കെ. ഇയ്യച്ചരൻ: കഴിഞ്ഞകൊല്ലം അധികവും ചെറുകിട കർഷകർക്ക് കടം കിട്ടിയിട്ടില്ലെന്നുള്ള പരാതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ: വേണ്ടിടത്തോളം സംഖ്യ ലോൺ കിട്ടുന്നില്ലെന്ന് പൊതുവേ ഒരു പരാതി ഉണ്ട്. അല്ലാതെ പരാതി ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. കെ. ഇയ്യച്ചരൻ: അങ്ങനെ വല്ല പരാതിയും ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു നടപടികളും എടുക്കുമോ ?

ശ്രീ. സി. അച്യുതമേനോൻ: കടം കൊടുക്കുന്നതിനുള്ള സംഖ്യ കുഴിയുന്നതും വർദ്ധിപ്പിക്കുവാൻ നോക്കുന്നുണ്ട്.

ശ്രീ. കെ. ഇയ്യച്ചരൻ: വലിയ കൃഷിക്കാർക്ക് മാത്രമാണ് ലോൺ കൊടുക്കുന്നതു് എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ: വലിയ കൃഷിക്കാർക്കാണ് കടം കൊടുക്കുന്നതു് എന്നു പറയുന്നതു് ശരിയല്ല. 25 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർക്ക്; ഈ ലോൺ കൊടുക്കുവാൻ പാടില്ല. അതുപോലെ ആയിരം രൂപയിൽ കൂടുതൽ ഒരാൾക്ക് കടം കൊടുക്കുവാൻ പാടില്ല. അതുകൊണ്ട് ചെറുകർഷകരെ ഉദ്ദേശിച്ചാണ് ഈ സ്കീം പ്രവർത്തിക്കുന്നതു് എന്നു് വ്യക്തമാണ്.

ആനയെ പിടിക്കുന്ന സ്ഥലങ്ങൾ.

* 1400. [28] † ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എവിടെയെല്ലാമാണ് ആനയെ പിടിക്കുന്നതു് ;

(ബി) ആന പിടിക്കുന്നതിനു് സംസ്ഥാനത്തു് എത്ര പിടിയാനകളുണ്ട് ;

(സി) 1958-59-ൽ ഗവണ്മെന്റു് എത്ര ആനകളെ പിടിച്ചിട്ടുണ്ട്; ഏവിടെ നിന്നെല്ലാം ;

(ഡി) 1958-59-ൽ പിടിച്ച ആനകളിൽനിന്നും എന്തു വരുമാനമായിട്ടുണ്ട് ;

(ഇ) മേൽകൊല്ലത്തിൽ കുഴിയിൽ വീണ എത്ര ആനകൾ ചത്തുപോയിട്ടുണ്ട് ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്) :

(എ, ബി) തിരുവിതാംകൂർ-കൊച്ചി ഭാഗത്തെ വിവരം മാത്രമേ കിട്ടിയിട്ടുള്ളൂ. മലബാർ ഭാഗത്തെ വിവരം കിട്ടിയിട്ടില്ല. ശേഖരിച്ചു വരുന്നതേയുള്ളൂ. കോന്നി ഫോറസ്റ്റ് ഡിവിഷനിലും, മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലും കൂടി 5 ഡിക്കോയ്സ് ഉണ്ട്.

(സി) 1958-59-ൽ മലയാറ്റൂർ ഡിവിഷനിൽനിന്നു 9 ആനകളെ പിടിച്ചിട്ടുണ്ട്. കോന്നി ഡിവിഷനിൽനിന്നു് രണ്ടു് ആനകളെയും പിടിച്ചിട്ടുണ്ട് ;

† As the member was absent the question was put by Shri E. P Eapen with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly